വെറ്ററിനറി ഡിസ്പെൻസറികൾ.

* 238. [54] ശ്രീ. എം. പി. മേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റിൽ ആകെ എത്ര വെറ്ററിനറി ഡിസ്പെൻസറികൾ ഉണ്ട്;

(ബി) ഇവയിൽ യോഗ്യതയുള്ള വെറ്ററിനറി സർജന്മാർ വേണ്ടിടത്തോളം ഉണ്ടോ;

(സി) ഏതെങ്കിലും പോസ്റ്റ് ഒഴിഞ്ഞുകിടപ്പുണ്ടോ;

(ഡി) റിട്ടയർ ചെയ്ത എത്രപേരെ വീണ്ടും സർവ്വീസിൽ നിയമിച്ചിട്ടുണ്ട്?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) 38 വെറ്ററിനറി ആശുപത്രികളും, 50 വെറ്ററിനറി ഡിസ്പെൻസറികളും ഉണ്ട്;

(ബി) ആറ് ആശുപത്രികളിലൊഴികെ എല്ലായിടത്തും ഡാക്ടറന്മാരുണ്ട്. ഡിസ്പെൻസറികൾ സ്റ്റോക്ക്മാൻമാരുടെ കീഴിലാണ്;

(സി) വെറ്ററിനറി സർജന്മാരുടെ എഴ പോസ്റ്റ് ഒഴിഞ്ഞുകിടപ്പുണ്ട്.

(ഡി) ഒൻപതു്.

ബസ്സ് റൂട്ടുകൾ അനുവദിക്കണം.

* 239. [55] ശ്രീ. എൻ. ചന്ദ്രശേഖരൻനായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തിൽ പുതുതായി ഏതെങ്കിലും ബസ്സ് റൂട്ടുകൾ അനുവദിക്കണമെന്നു് ഗവണ്മെന്റു് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ ഏതെല്ലാം;

(സി) നെടുമങ്ങാട്ടു താലൂക്കിൽ ഏറ്റവും അധികം ജനസഞ്ചാരമുള്ള തിരുവനന്തപുരം–കാട്ടാക്കട, കാട്ടാക്കട–ആര്യനാടു്, ആര്യനാടു്–നെടുമങ്ങാടു്, ആര്യനാടു്–പാലോടു്, പാലോടു്–ആറ്റിങ്ങൽ, നെടുമങ്ങാടു്–ആറ്റിങ്ങൽ എന്നീ റൂട്ടുകളിലൂടി ദേശവത്കരിക്കുന്നതിനു് ഗവണ്മെന്റു് ശ്രദ്ധിക്കുമോ;

(ഡി) തിരുവനന്തപുരം–കല്ലാർ ഭാൻസ്പോർട്ടു് സർവ്വീസ് പൊൻമുടിയിലേയ്ക്കു നീട്ടികിട്ടണമെന്നു് ഗവണ്മെന്റിലേയ്ക്കു നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ഇ) പൊൻമുടിയിലേയ്ക്കു് ഭാൻസ്പോർട്ടു ലൈൻ നീട്ടുന്നതിനു് വേണ്ട സത്വരനടപടികൾ ഗവണ്മെന്റിൽനിന്നും സ്വീകരിക്കുമോ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly